# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5163      24.10.2011-ൽ മറുപടിക്ക്

### ജലനിധിയുമായി ബന്ധപ്പെട്ട സി.ബി.ഒ. രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | **ശ്രീ. പി.ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ജലനിധിയുടെ ഒന്നാംഘട്ട പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച സി.ബി.ഒ. (കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ്) കളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) | ജലനിധിയുടെ ഒന്നാം ഘട്ട പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച 4095 ഗുണഭോക്തൃസമിതികളിൽ 90 ശതമാനവും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഏറ്റവും ഒടുവിൽ നടത്തിയ വിലയിരുത്തലിൽ കണ്ടെത്തിയിട്ടുള്ളത്. |
| (ബി) ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി നടത്തിപ്പിനായി എത്ര സി.ബി.ഒ കൾ രൂപീകരിക്കാനാണുദ്ദേശിക്കുന്നത്; | (ബി) | ജലനിധിയുടെ രണ്ടാം ഘട്ട പദ്ധതി നടത്തിപ്പിനായി ഉദ്ദേശം 4513 ഗുണഭോക്തൃ സമിതികളാണ് രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് |
| (സി) പദ്ധതിയോടനുബന്ധിച്ച് രൂപീകരിക്കുന്ന ഇത്തരം സി.ബി.ഒ കളുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (സി) | പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി കരാർ ഒപ്പിടുക<br>2. ഗുണഭോക്തൃ തലത്തിൽ പദ്ധതി നിർവ്വഹണം നടപ്പിലാക്കുക.<br>3. സഹായസംഘടനയുടെ സഹായത്തോടെ പദ്ധതിക്കാവശ്യമായ രേഖകളും അടങ്കലും തയ്യാറാക്കി സമർപ്പിക്കുക.<br>4. പദ്ധതിയുടെ ചെലവ് കണക്കുകൾ സൂക്ഷിക്കുക<br>5. പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിക്കുക.<br>6. പദ്ധതിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, പദ്ധതിയുടെ നിർവ്വഹണ മേൽനോട്ടം നടത്തുക. |

| | | | |
|---|---|---|---|
| | | | 7. ഗുണഭോക്തൃ സമിതിയുടെ രജിസ്ട്രേഷൻ നടത്തുക, പദ്ധതിക്കാവശ്യമായ ഗുണഭോക്തൃ വിഹിതം പിരിക്കുക. പദ്ധതിയുടെ ഗുണഭോക്തൃ തലത്തിലുളള കണക്കുകൾ ആഡിറ്റ് ചെയ്ത് ജനറൽ ബോഡിയിൽ വയ്ക്കുക. പദ്ധതിയുടെ രജിസ്ട്രേഷൻ പുതുക്കുക.<br>8. പദ്ധതി കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ പിന്നീടുളള നടത്തിപ്പും പരിപാലനവും സി.ബി.ഒ-യുടെ ചുമതലയാണ്. |
| (ഡി) | പദ്ധതി പൂർത്തീകരിച്ചതിനുശേഷവും പദ്ധതി ലക്ഷ്യങ്ങളുടെ നിലനിൽപ്പിനായി ഇത്തരത്തിലുളള സി.ബി.ഒ കളുടെ സുസ്ഥിരമായ നിലനിൽപ്പ് ആവശ്യമാണോ ; | (ഡി) | ആവശ്യമാണ്. പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും പൂർണ്ണമായും സി.ബി.ഒ-കളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. |
| (ഇ) | അതിനുളള എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | 1. ഗുണഭോക്തൃസമിതികൾ മാസം തോറും ചെറിയ തുക അംഗങ്ങളിൽനിന്നും സമാഹരിച്ചാണ് പരിപാലനവും നടത്തിപ്പും ഏറ്റെടുത്ത് നടത്തുന്നത്.<br>2. ഗുണഭോക്തൃ സമിതികളിൽനിന്നുളള അംഗങ്ങൾ ചേർന്ന് ഒരു ഗുണഭോക്തൃ സമിതി ഫെഡറേഷൻ രൂപീകരിച്ച് പ്രശ്നങ്ങൾ പരിഹരിക്കുക.<br>3. പഞ്ചായത്ത് തലത്തിൽ തന്നെ പഞ്ചായത്ത് തല വാട്ടർ സപ്ലൈ കമ്മിറ്റി രൂപീകരിച്ച് ഗുണഭോക്തൃസമിതി തലത്തിലുളള പ്രശ്നങ്ങൾ പരിഹരിക്കുവാൻ മേൽ നോട്ടം നടത്തുക.<br>4. ഗുണഭോക്തൃസമിതിയുടെ സ്ഥാവര ജംഗമവസ്തുക്കൾ പഞ്ചായത്തിന്റേയും ഗുണഭോക്തൃസമിതിയുടേയും സംയുക്ത ഉടമസ്ഥതതയിൽ സംരക്ഷിക്കുക |

സെക്ഷൻ ഓഫീസർ